സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004



സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക

Visit Swathanthra Mandapam Online

www.swathanthramandapam.com




www.swathanthramandapam.com വാല്യം: 60 ലക്കം: 212 2025 ഡിസംബർ 01 തിങ്കൾ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in


## കെഎസ്ആർടിസി ബസ് ബൈക്കിലിടിച്ചു, 2 യുവാക്കൾ തൽക്ഷണം മരിച്ചു

ആലപ്പുഴ: ഹരിപ്പാട് ജംഗ്ഷനിൽ കെഎസ്ആർടിസി സൂപ്പർഫാസ്റ്റ് ബസ് ഇടിച്ച് രണ്ട് ബൈക്ക് യാത്രക്കാർ മരിച്ചു. ഇന്നലെ രാത്രി പതിനൊന്നരയോടെയാണ് സംഭവം. ഹരിപ്പാട് ഗവ. ആശുപത്രിക്ക് പടിഞ്ഞാറായി യൂണിയൻ ബാങ്കിന് സമീപമാണ് അപകടം നടന്നത്. ചേർത്തല ഫയർഫോഴ്സ് ഓഫീസിലെ ഉദ്യോഗസ്ഥൻ കുമാരപുരം കൊച്ചുകരുനാട്ട് ക്ഷേത്രത്തിന് സമീപം ചേടുവള്ളിയിൽ പ്രദീപ് കുമാറിന്റെയും ഗിരിജയുടെയും മകൻ ഗോകുൽ (24), ശ്രീനിലയത്തിൽ ശ്രീകുമാർ-തുളസി ദമ്പതികളുടെ മകൻ ശ്രീനാഥ് (24) എന്നിവരാണ് മരിച്ചത്. അമിതവേഗത്തിലെത്തിയ ബസ് ഇരുവരെയും ഇടിക്കുകയായിരുന്നെന്ന് ദൃക്സാക്ഷികൾ പറഞ്ഞു. ഇടിയുടെ ആഘാതത്തിൽ യുവാക്കൾ റോഡിൽ തലയിടിച്ച് വീഴുകയായിരുന്നു.

# മസാലബോണ്ട് ഇടപാട്: മുഖ്യമന്ത്രിക്ക് ഇ.ഡി. നോട്ടീസ്





തിരു: കിഫ്ബിയുടെ മസാല ബോണ്ട് ഇടപാടിൽ മുഖ്യമന്ത്രി പിണറായി വിജയൻ അടക്കമുള്ളവർക്കെതിരേ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കാരണം കാണിക്കൽ നോട്ടീസ് നൽകി. ഫെമ ചട്ടലംഘനം കണ്ടെത്തിയെന്ന് ചൂണ്ടിക്കാട്ടിയാണ് ഇ.ഡി അഡ്ജുഡിക്കേറ്റിങ് അതോറിറ്റി കാരണംകാണിക്കൽ നോട്ടീസ് നൽകിയിരിക്കുന്നത്. മുൻ ധനമന്ത്രി തോമസ് ഐസക്, കിഫ്ബി സിഇഒ കെ.എം. എബ്രഹാം എന്നിവർക്കും നോട്ടീസ് നൽകിയതായാണ് വിവരം.

നീണ്ട അന്വേഷണത്തിനൊടുവിലാണ് അഡ്ജുഡിക്കേറ്റിങ് അതോറിറ്റി മുൻപാകെ ഇ.ഡി. പരാതി സമർപ്പിച്ചത്. മസാല ബോണ്ട് വഴി സമാഹരിച്ച പണം അടിസ്ഥാനസൗകര്യ വികസന പദ്ധതികൾക്ക് വിനിയോഗിച്ചത് ഫെമ ചട്ടലംഘനമെന്നാണ് ഇ.ഡിയുടെ കണ്ടെത്തൽ.

2019-ൽ 9.72 ശതമാനം പലിശയ്ക്കാണ് ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ മസാല ബോണ്ടിറക്കി 2150 കോടി സമാഹരിച്ചത്. 2019 ജനുവരി 17-ന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗമാണ് ബോണ്ടിറക്കാനുള്ള നടപടികൾ പൂർത്തിയാക്കാൻ തീരുമാനിച്ചത്. അന്വേഷണത്തിന്റെ ഭാഗമായി നേരത്തെ രണ്ടുതവണ അന്നത്തെ ധനമന്ത്രിയായിരുന്ന തോമസ് ഐസകിന് ഇഡി നോട്ടീസ് നൽകിയിരുന്നു.

### 'ഇഡിയുടേത് സ്ഥിരം കലാപരിപാടി': തോമസ് ഐസക്ക്

തിരു : കിഫ്ബിയുടെ മസാലബോണ്ട് ഇടപാടിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെയുള്ളവർക്കെതിരെ ഇഡിയുടെ നോട്ടീസ് ലഭിച്ചെന്ന് സ്ഥിരീകരിച്ച് മുൻ ധനമന്ത്രി തോമസ് ഐസക്ക്. ഇഡിയുടേത് സ്ഥിരം കലാപരിപാടിയാണെന്നും തിരഞ്ഞെടുപ്പ് കാലത്ത് കേസ് കുത്തിപ്പൊക്കുകയാണെന്നും തോമസ് ഐസക്ക് പറഞ്ഞു. ഇഡിയുടെ ഇപ്പോഴത്തെ പ്രചാരണം ബിജെപിക്കും യുഡിഎഫിനും വേണ്ടിയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

'മസാല ബോണ്ട് ഇടപാട് എല്ലാ നിയമങ്ങളും പാലിച്ചാണ്. എല്ലാം വ്യക്തമാക്കിയിട്ടും വീണ്ടും നോട്ടീസ് അയയ്ക്കുന്നു. തന്റെയും കുടുംബത്തിന്റെയും അക്കൗണ്ട് വരെ ഇഡി പരിശോധിച്ചു. എല്ലാം വ്യക്തമാക്കിയിട്ടും വീണ്ടും നോട്ടീസ് അയയ്ക്കുന്നു. പതിനായിരക്കണക്കിന് കോടി രൂപയുടെ ഇടപാട് നടത്തുന്ന സ്ഥാപനമല്ലേ കിഫ്ബി. ഇത്രയും പണമിടപാട് നടത്തുന്ന സ്ഥാപനത്തിൽ എന്തെങ്കിലും തടയുമെന്നാണ് ഇഡി യജമാനന്മാരും ബിജെപിയുടെ അധികാരികളും കരുതുന്നത്. അതുകൊണ്ടായിരിക്കാം ഒരു ആവശ്യവും ഇല്ലാത്ത ചോദ്യങ്ങൾ ചോദിച്ച് നോട്ടീസ് അയച്ചുകൊണ്ടിരിക്കുന്നത്.

ഇതുവരെയും അന്വേഷണത്തിന് ഇഡി ഓഫീസിൽ ഹാജരാകാനായിരുന്നു നോട്ടീസുകൾ. എന്റെ മാത്രമല്ല, കുടുംബാംഗങ്ങളുടെയടക്കം ബാങ്ക് രേഖകളുമായി ഹാജരാകാനായിരുന്നു ആദ്യ നോട്ടീസ്. ഇത് എന്റെ സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റമാണ്. എന്തിനാണ് ഈ രേഖകൾ എന്നു വ്യക്തമാക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഞാൻ സമർപ്പിച്ച ഹർജിയിൽ ആവശ്യപ്പെട്ടു. അപ്പോൾ രേഖകളുടെ എണ്ണം കുറച്ചു. എങ്കിലും ഹാജരായേപറ്റൂ. ഞാൻ വീണ്ടും കോടതിയിൽ പോയി. അപ്പോൾ കോടതിയും ചോദിച്ചു എന്തിനാണ് ഇദ്ദേഹത്തെ ചോദ്യം ചെയ്യുന്നത്? അതിനു കാരണം വ്യക്തമാക്കണം. ഈ ചോദ്യത്തിന് ഇന്നേവരെ ഉത്തരം നൽകാൻ ഇഡിക്ക് കഴിഞ്ഞിട്ടില്ല'- തോമസ് ഐസക്ക് പറഞ്ഞു.

### മസാല ബോണ്ടിൽ മുഖ്യമന്ത്രിയെ ഇ.ഡി ഒന്നും ചെയ്യില്ലെന്ന് വി.ഡി.

തിരു : മസാല ബോണ്ടിൽ എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് (ഇ.ഡി) നോട്ടീസ് അയച്ചത് തദ്ദേശ തെരഞ്ഞെടുപ്പ് സമയത്ത് മുഖ്യമന്ത്രിയെയും സി.പി.എമ്മിനെയും വെറുതെ ഒന്ന് പേടിപ്പിക്കാനെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ. ഇ.ഡി. ഒന്നും ചെയ്യാൻ പോകുന്നില്ലെന്നും സതീശൻ പറഞ്ഞു.

ഇന്ത്യയിലെ രാഷ്ട്രീയ എതിരാളികളെ വേട്ടയാടുമ്പോൾ ഇവിടെ ഇടക്കൊരു നോട്ടീസ് അയച്ച് ഭയപ്പെടുത്തുകയാണ്. മുമ്പും സമാനരീതിയിൽ നോട്ടീസ് അയച്ചിട്ട് ഒന്നും സംഭവിച്ചില്ല. മുഖ്യമന്ത്രിയുടെ വീട്ടിലേക്ക് അയച്ച നോട്ടീസിനെ കുറിച്ചും യാതൊരു വിവരവുമില്ല. തെരഞ്ഞെടുപ്പ് അടുക്കുമ്പോൾ അയക്കുന്ന നോട്ടീസിൽ സി.പി.എം ഭയപ്പെടാറുണ്ട്.

തൃശ്ശൂർ ലോക്സഭ തെരഞ്ഞെടുപ്പിൽ കരുവന്നൂർ ബാങ്കിന്റെ കാര്യങ്ങൾ പറഞ്ഞ്, സി.പി.എമ്മിനെ വിധേയരാക്കി ബി.ജെ.പിക്ക് ജയിക്കാനുള്ള സാഹചര്യമുണ്ടാക്കി. കേരളത്തിൽ ബി.ജെ.പിയെ സഹായിക്കാൻ വേണ്ടി സി.പി.എം നേതൃത്വത്തെ പേടിപ്പിക്കുക മാത്രമാണിത്. അതാത് കാലത്ത് കേന്ദ്ര ഏജൻസികൾ അന്വേഷിച്ച എല്ലാ കേസുകളും സെറ്റിൽ ചെയ്തിട്ടുണ്ട്.

## രാഹുൽ കടന്നുകളഞ്ഞത് സിനിമാ താരത്തിന്റെ ചുവന്ന പോളോ കാറിൽ?



പാലക്കാട്: ലൈംഗികാതിക്രമ കേസിൽ ഒളിവിൽ കഴിയുന്ന രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയ്ക്കായി തെരച്ചിൽ തുടരുന്നു. സുഹൃത്തായ സിനിമാ താരത്തിന്റെ ചുവന്ന പോളോ കാറിലാണ് രാഹുൽ കടന്നുകളഞ്ഞതെന്നാണ് റിപ്പോർട്ടുകൾ. ഇതു സംബന്ധിച്ച് പൊലീസിന് നിർണായക വിവരങ്ങൾ ലഭിച്ചിട്ടുണ്ടെന്നാണ് വിവരം. അതിജീവിത മുഖ്യമന്ത്രിയ്ക്ക് പരാതി നൽകിയതിന് പിന്നാലെയാണ് രാഹുൽ ഒളിവിൽ പോയത്.

അതിജീവിത മുഖ്യമന്ത്രിയെ കാണാൻ പോയ സമയത്ത് രാഹുൽ പാലക്കാട് കണ്ണാടിയിൽ പ്രചാരണ പരിപാടിയിൽ പങ്കെടുക്കുകയായിരുന്നു. പരാതി കൊടുത്തെന്ന് അറിഞ്ഞതോടെ ചുവന്ന പോളോ കാറിൽ കയറിപ്പോകുകയായിരുന്നു. ഇവിടത്തെ സിസിടിവി ദൃശ്യങ്ങളിൽ ഇത് വ്യക്തമാണ്. എന്നാൽ ഇതേ കാർ തന്നെയാണോ ഇപ്പോഴും ഉപയോഗിക്കുന്നതെന്ന് വ്യക്തമല്ല.

രാഹുലിന്റെ പാലക്കാ?ട് കുന്നത്തൂർ മേട്ടിലെ ഫ്ളാറ്റിൽ അന്വേഷണ സംഘം ഇന്നലെ പരിശോധന നടത്തിയിരുന്നു. എന്നാൽ യുവതി എത്തിയ ദിവസത്തെ സിസിടിവി ദൃശ്യം ലഭിച്ചിട്ടില്ല. ഇവിടെയെത്തിച്ചും പീഡിപ്പിച്ചുവെന്ന യുവതിയുടെ മൊഴിയുടെ അടിസ്ഥാനത്തിലായിരുന്നു പരിശോധന. എന്നാൽ സിസിടി വിയുടെ ഡി വി ആറിൽ യുവതി പറഞ്ഞ സമയത്തെ ദൃശ്യം ഉണ്ടായിരുന്നില്ല. അപ്പാർട്ട്മെന്റിലെ കെയർ ടേക്കർ സിസിടിവി ദൃശ്യങ്ങൾ ഡിലീറ്റ് ചെയ്തെന്നാണ് സൂചന. ഇയാളെ ഇന്ന് പ്രത്യേക അന്വേഷണ സംഘം വിശദമായി ചോദ്യം ചെയ്യും.

## സൂരജ് ലാമയെ കാണാതായതിൽ ആർക്കാണ് ഉത്തരവാദിത്തം, എന്ത് നിരീക്ഷണ സംവിധാനമാണ് കൊച്ചിയിലുള്ളത്: ഹൈക്കോടതി

കൊച്ചി: കൊൽക്കത്ത സ്വദേശി സൂരജ് ലാമയുടെ തിരോധാനത്തിൽ കളമശ്ശേരി സർക്കാർ മെഡിക്കൽ കോളജിനെതിരെ രൂക്ഷ വിമർശനവുമായി ഹൈകോടതി. പൊലീസ് മെഡിക്കൽ കോളജിൽ എത്തിച്ച സൂരജ് ലാമയെ കാണാതായതിൽ ആർക്കാണ് ഉത്തരവാദിത്തമെന്ന് കോടതി ചോദിച്ചു. സൂരജ് ലാമയെ കണ്ടെത്തണമെന്ന് ആവശ്യപ്പെട്ട് മകൻ സാന്റോൺ ലാമ ഹൈക്കോടതിയിൽ നൽകിയ ഹേബിയസ് കോർപസ് ഹരജിയിലാണ് രൂക്ഷ വിമർശനം.

എന്ത് നിരീക്ഷണ സംവിധാനമാണ് കൊച്ചി നഗരത്തിലുള്ളത്. സൂരജ് ലാമയുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും ഹാജരാക്കണം. കേസിൽ കളമശ്ശേരി മെഡിക്കൽ കോളജ് സൂപ്രണ്ടൻറ് വിശദീകരണം നൽകണമെന്നും ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ, ജസ്റ്റിസ് എം.ബി. സ്നേഹലത എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ച് നിർദേശം നൽകി.

സൂരജ് ലാമയുടേതെന്ന് സംശയിക്കുന്ന മൃതദേഹം കളമശ്ശേരി മെഡിക്കൽ കോളജിന് സമീപത്തെ ആളൊഴിഞ്ഞ സ്ഥലത്ത് കണ്ടെത്തിയിട്ടുണ്ടെന്ന് സർക്കാർ അഭിഭാഷകൻ കോടതിയെ അറിയിച്ചു. മൃതദേഹത്തിന് ആഴ്ചകൾ പഴക്കമുണ്ട്. ഡി.എൻ.എ പരിശോധന നടത്തിയാൽ മാത്രമേ സൂരജ് ലാമയുടേതാണെന്ന് സ്ഥിരീകരിക്കാൻ സാധിക്കൂ. പോസ്റ്റ്മോർട്ടം നടപടി പുരോഗമിക്കുകയാണെന്നും അഭിഭാഷകൻ വ്യക്തമാക്കി. ഇതിന് പിന്നാലെയാണ് ഹൈക്കോടതി രൂക്ഷ വിമർശനം നടത്തിയത്.

കേരളം മുഴുവൻ ഈ മനുഷ്യ അന്വേഷിച്ച് കൊണ്ടിരിക്കുകയാണെന്നാണ് പൊലീസ് പറഞ്ഞത്. ആ മനുഷ്യൻ ആകാതിരിക്കട്ടെ എന്നാണ് പ്രതീക്ഷ. ഡി.എൻ.എ ഫലം വരട്ടെ. ഈ വിഷയത്തിൽ ഉത്തരവാദിത്തം പറയേണ്ട വകുപ്പുകളുണ്ട്. കുവൈത്തിൽ നിന്ന് നാടുകടത്തപ്പെട്ട സൂരജ് കൊച്ചിയിൽ എത്തുകയും പിന്നീട് ഇയാളെ കണ്ടെത്തുകയും മെഡിക്കൽ കോളജിൽ എത്തിക്കുകയും ചെയ്തത് പൊലീസ് ആണ്. ആശുപത്രിയിൽ നിന്ന് സൂരജ് എങ്ങനെ പുറത്തുപോയെന്ന് സൂപ്രണ്ട് അടക്കമുള്ള അധികൃതർ മറുപടി പറയേണ്ട ബാധ്യതയുണ്ട്. സംസ്ഥാനമാകെ തിരിച്ചിൽ നടത്തിയപ്പോൾ മൃതദേഹം ആശുപത്രിക്ക് സമീപത്ത് നിന്നാണ് കണ്ടെത്തിയത്'.

## പാർലമെന്റിൽ നാടകം കളിക്കരുത്, പ്രതിപക്ഷം ചുമതല നിർവഹിക്കണം: മോദി



ന്യൂഡൽഹി: പാർലമെന്റിന്റെ ശീതകാലസമ്മേളനത്തിന് മുന്നോടിയായി മാധ്യമങ്ങളെ അഭിസംബോധന ചെയ്യവേ പ്രതിപക്ഷത്തെ പരിഹസിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ബിഹാർ തിരഞ്ഞെടുപ്പിൽ നേരിട്ട പരാജയം ഇപ്പോഴും ചില പാർട്ടികൾക്ക് ദഹിച്ചിട്ടില്ലെന്നും അതിന്റെ അനന്തരഫലം പ്രകടിപ്പിക്കാനുള്ള വേദിയായി പാർലമെന്റ് മാറില്ലെന്ന് പ്രത്യാശിക്കുന്നതായും അദ്ദേഹം പറഞ്ഞു. പാർലമെന്റിലെ പ്രകടനത്തിനുള്ള നുറുങ്ങുവിദ്യകൾ പ്രതിപക്ഷത്തിന് പറഞ്ഞുകൊടുക്കാൻ താൻ തയ്യാറാണ്. ശീതകാലസമ്മേളനത്തിൽ പാർലമെന്റിന്റെ ഇരുസഭകളുടെയും പ്രവർത്തനങ്ങളെ പ്രതിപക്ഷം തടസ്സപ്പെടുത്തരുതെന്നും മോദി ആവശ്യപ്പെട്ടു.

ബിഹാർ തിരഞ്ഞെടുപ്പിലെ ഉയർന്ന പോളിങ് ശതമാനവും സ്ത്രീകളുടെ പങ്കാളിത്തവും പ്രതീക്ഷയുണ്ടാക്കുന്നതാണെന്നും മോദി പറഞ്ഞു. ലോകം ഇതിനെ ഏറെ ശ്രദ്ധയോടെയാണ് നോക്കിക്കാണുന്നത്. ജനാധിപത്യത്തിന് ഫലംനൽകാൻ കഴിയുമെന്ന് ഇന്ത്യ തെളിയിച്ചു കഴിഞ്ഞു. രാജ്യം മുന്നോട്ട് നീങ്ങുന്നതിനു വേണം പാർലമെന്റ് ശ്രദ്ധ നൽകാൻ. പ്രതിപക്ഷവും അവരുടെ ചുമതല നിർവഹിക്കണം. അവർ പ്രധാനപ്പെട്ട വിഷയങ്ങൾ ഉന്നയിക്കണം.

## 'ഞാൻ മാത്രം എങ്ങനെ പ്രതിയാകും, തീരുമാനങ്ങൾക്ക് കൂട്ടുത്തരവാദിത്തമുണ്ട്': ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ്



പമ്പ: ശബരിമലയിലെ സ്വർണക്കൊള്ള കേസിൽ താൻ മാത്രം എങ്ങനെ പ്രതിയാകുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് എ പത്മകുമാർ. കേസിൽ അറസ്റ്റിലായതിന് പിന്നാലെ സമർപ്പിച്ച ജാമ്യ ഹർജിയിലാണ് ബോർഡിന്റെ കൂട്ടായ വീഴ്ചയുടെ ഉത്തരവാദിത്തം തനിക്കു മാത്രം ചുമത്തുന്നതിനെതിരെ അദ്ദേഹം ശക്തമായ ചില വാദങ്ങൾ ഉന്നയിച്ചത്. ബോർഡിലെ മറ്റ് അംഗങ്ങൾ അറിയാതെ തനിച്ച് ഒരു തീരുമാനവും എടുക്കാനാവില്ലെന്നും, എല്ലാ തീരുമാനങ്ങൾക്കും കൂട്ടുത്തരവാദിത്തം ഉണ്ടെന്നും പത്മകുമാർ ചൂണ്ടിക്കാട്ടി.

ഉദ്യോഗസ്ഥർ രേഖകളിൽ പിച്ചളപാളികൾ എന്ന് എഴുതിയത് പിന്നീട് ചെമ്പ് പാളികൾ എന്ന് തിരുത്തുകയാണ് ചെയ്തതെന്നും അദ്ദേഹം ജാമ്യാപേക്ഷയിൽ പറയുന്നു. നിർമ്മാണത്തിന് ചെമ്പ് ഉപയോഗിച്ചത് കൊണ്ടാണ് തിരുത്തൽ വരുത്തിയത്. തിരുത്തൽ വരുത്തിയെങ്കിൽപോലും ബോർഡ് അംഗങ്ങൾക്ക് ഇത് പിന്നീട് ചൂണ്ടിക്കാണിക്കാൻ അവസരമുണ്ടായിരുന്നതായും അദ്ദേഹം ഹർജിയിൽ പറയുന്നു. പത്മകുമാറിന്റെ ജാമ്യ ഹർജി നാളെയാണ് കൊല്ലം കോടതി പരിഗണിക്കുക.

അതേസമയം, സ്വർണക്കൊള്ള കേസിൽ അറസ്റ്റിലായ എ പത്മകുമാറിനെതിരെ ഉചിതമായ നടപടി ഉണ്ടാകുമെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എംവി ഗോവിന്ദൻ മാദ്ധ്യമങ്ങളോട് വ്യക്തമാക്കി. സ്വർണകൊള്ളയെ രാഹുൽ മാങ്കൂട്ടത്തിലിന്റെ കേസുമായും മറ്റും താരതമ്യം ചെയ്യേണ്ടതില്ലെന്നും അദ്ദേഹം പറഞ്ഞു.

'സ്വർണപ്പാളിയും കൊണ്ട് നടന്നാൽ തിരഞ്ഞെടുപ്പിൽ വലിയ മുന്നേറ്റമുണ്ടാകുമെന്നാണ് യുഡിഎഫ് കരുതുന്നത്. എന്നാൽ ജനങ്ങൾക്ക് എല്ലാം അറിയാം' ഗോവിന്ദൻ പ്രതികരിച്ചു. ശബരിമല വിഷയത്തിൽ ഉത്തരവാദി ആരാണോ അവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരണം. ആരായാലും പാർട്ടി സംരക്ഷിക്കില്ല. കേസിന്റെ പ്രത്യേക അന്വേഷണ സംഘത്തിന് (എസ്ഐടി) പൂർണ പിന്തുണ നൽകുമെന്നും അന്വേഷണം പൂർത്തിയാകുമ്പോൾ പാർട്ടിതലത്തിൽ ഉചിതമായ നടപടി സ്വീകരിക്കുമെന്നും എംവി ഗോവിന്ദൻ കൂട്ടിച്ചേർത്തു.

## ലഹരി ഉപയോഗം ചോദ്യംചെയ്ത മാതാപിതാക്കളെ വെട്ടിപിതാവ് മരിച്ചു



കായംകുളം: പിതാവിനെ അഭിഭാഷകൻ വെട്ടിക്കൊലപ്പെടുത്തിയ സംഭവത്തിൽ കൂടുതൽ വിവരങ്ങൾ പുറത്ത്. കണ്ടല്ലൂർ തെക്ക് പീടികച്ചിറയിൽ നടരാജനെയാണ് (62) മകൻ നവജിത് നടരാജൻ (30)വെട്ടിക്കൊന്നത്. മാതാവ് സിന്ധുവിനെയും (49) ഇയാൾ ആക്രമിച്ചിരുന്നു. ഗുരുതരമായി പരിക്കേറ്റ സിന്ധു മാവേലിക്കരയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്.

ലഹരി ഉപയോഗം മാതാപിതാക്കൾ ചോദ്യം ചെയ്തതും കുടുംബപ്രശ്നങ്ങളുമാണ് അരുംകൊലയ്ക്ക് കാരണം. സാമ്പത്തികമായി ഉയർന്ന നിലയിലുള്ള കുടുംബമാണ് ഇവരുടേതെന്നാണ് പുറത്തുവരുന്ന വിവരം. ഭാര്യയെ പ്രസവത്തിനായി ആശുപത്രിയിൽ പ്രവേശിപ്പിക്കാനിരിക്കെയാണ് നവജിത് പിതാവിനെ വെട്ടിക്കൊന്നത്.

ഇന്നലെ രാത്രി എട്ടരയോടെയായിരുന്നു സംഭവം. വയോധിക ദമ്പതികളുടെ നിലവിളി കേട്ട് അയൽവാസികൾ ഓടിയെത്തുകയായിരുന്നു. ആ സമയം ചോരപുരണ്ട വെട്ടുകത്തിയുമായി പ്രതി വീടിന് പുറത്തുനിൽക്കുന്നത് അയൽക്കാർ കണ്ടു. വീടിനുള്ളിൽ രക്തത്തിൽ കുളിച്ചുകിടക്കുന്ന നിലയിലായിരുന്നു നടരാജനും ഭാര്യയും. നാട്ടുകാർ മാവേലിക്കരയിലും തുടർന്ന് പരുമലയിലെയും സ്വകാര്യ ആശുപത്രിയിലെത്തിച്ചെങ്കിലും നടരാജനെ രക്ഷിക്കാനായില്ല. നടരാജന്റെ മുഖത്ത് ഉൾപ്പടെ നിരവധി തവണ വെട്ടേറ്റിട്ടുണ്ട്.

നാട്ടുകാരെത്തിയതോടെ വീടിന്റെ മുകളിൽ നിലയിലേക്ക് പോയ പ്രതിയെ പൊലീസെത്തി അതിസാഹസികമായാണ് കീഴടക്കിയത്. കയർ ഉപയോഗിച്ച് പ്രതിയെ വരിഞ്ഞു മുറുക്കുകയായിരുന്നു. ജനങ്ങൾ അക്രമിക്കുമെന്ന് ഭയന്ന് പിൻവാതിലിലൂടെയാണ് ഇയാളെ പുറത്തേക്ക് കൊണ്ടുപോയത്. മാവേലിക്കര കോടതിയിലെ അഭിഭാഷകനാണ് പ്രതി. നടരാജന്റെ മറ്റു മക്കൾ: ഡോ. നിധിൻ, നിധി.

## നിർമാണം നടക്കുന്ന വീട്ടിൽ മോഷണം

മണ്ണുത്തി : നെട്ടിശേരി കല്ലാടി മൂലയിലെ വി. ഹരിഹര സുബ്രമഹ്ണ്യ അയ്യർ മകൻ എച്ച്. ഉദയകുമാറിന്റെനിർമാണം നടക്കുന്ന വീട്ടിലാണ് സംഭവം. വയറുകളും, മറ്റും സൂക്ഷിച്ചു വെച്ച സ്ഥലത്തിൽ നിന്നും പൂട്ടുകൾ പൊളിച്ച് ആണ് മോഷണം നടത്തിയിരിക്കുന്നത്. ഏകദേശം അരലക്ഷത്തോളം രൂപയുടെ നഷ്ടം കണക്കാക്കുന്നു. മണ്ണുത്തി പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ട്.

## നിര്യാതയായി

### ലീന

പുതുക്കാട്: വടക്കെ തൊറവിൽ പുതുശ്ശേരി പരേതനായ ബാബു ഭാര്യ ലീന (570 നിര്യാതയായി. മക്കൾ - നിതിൻ, വർഷ. സംസ്കാരം ഇന്ന് ഉച്ചതിരിഞ്ഞ് 3ന് പുതുക്കാട് സെന്റ് ആന്റണീസ് ഫൊറോന പള്ളി സെമിത്തേരിയിൽ.


## മലയാളി വിദ്യാർത്ഥിനി രാജസ്ഥാനിലെ ഹോസ്റ്റലിൽ മരിച്ചനിലയിൽ, കാരണം വ്യക്തമല്ലെന്ന് ബന്ധുക്കൾ



കണ്ണൂർ: മലയാളി വിദ്യാർത്ഥിനിയെ രാജസ്ഥാനിലെ ഹോസ്റ്റലിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി.കാവിന്മൂല മിടാവിലോട് പാർവതി നിവാസിൽ പൂജയാണ് (23) മരിച്ചത്. രാജസ്ഥാൻ ശ്രീഗംഗാനഗർ ഗവ. വെറ്ററിനറി കോളേജിലെ മൂന്നാം വർഷ വിദ്യാർത്ഥിനിയാണ് പൂജ. മരണത്തിനുപിന്നിലെ യഥാർത്ഥ കാരണം ഇതുവരെ വ്യക്തമല്ലെന്നാണ് ബന്ധുക്കൾ പറയുന്നത്.

കഴിഞ്ഞ മാസം 28ന് രാത്രിയാണ് കോളേജ് ഹോസ്റ്റലിൽ വച്ച് പെൺകുട്ടി ആത്മഹത്യ ചെയ്തെന്നാണ് വിവരം. ഇന്നലെ നാട്ടിലെത്തിച്ച മൃതദേഹം ഇന്ന് രാവിലെ പയ്യാമ്പലത്ത് സംസ്കരിച്ചു. എഇഎസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ ജീവനക്കാരിയായ സിന്ധുവാണ് അമ്മ. അച്ഛൻ വസന്തൻ. ഇവരുടെ ഏകമകളാണ് പൂജ.

## കാറും ലോറിയും കൂട്ടിയിടിച്ച് 2 മരണം



ഒല്ലൂർ: തമിഴ്നാട്ടിൽ കാറും ലോറിയും കൂട്ടിയിടിച്ച് 2 പേർ മരിച്ചു.

ഇന്ന് പുലർച്ചെ 5 മണിക്ക് തമിഴ്നാട്ടിലെ ആമ്പൂർ എന്ന സ്ഥലത്താണ് സംഭവം.

പുതുക്കാട് തട്ടിൽ മണ്ടിലോനപ്പൻ ഭാര്യ റോസി (72), മരുമകൻ ദിവ്യമോൻ (48)



എന്നിവരാണ് മരണപ്പെട്ടത്. റോസിയുടെ മകൾ ലൗലി ദിവ്യമോൻ (44) നിസാര പരിക്കുകളോടെ രക്ഷപ്പെട്ടു. മരണപ്പെട്ട റോസി കാൻസർ പേഷ്യന്റാണ്. വിദഗ്ധ ചികിത്സക്കായി വെല്ലൂരിലെ ഹോസ്പിറ്റലിൽ കൊണ്ടുപോകവെയാണ് കാർ അപകടത്തിൽ പെട്ടത്.

## രാഹുൽ ഈശ്വറിന്റെ അറസ്റ്റിന് പിന്നാലെ മൂൻകൂർ ജാമ്യാപേക്ഷയുമായി സന്ദീപ് വാര്യർ



തിരു: പീഡനത്തിനിരയായ യുവതിയെ അധിക്ഷേപിച്ച സംഭവത്തിൽ രാഹുൽ ഈശ്വർ അറസ്റ്റിലായതിനു പിന്നാലെ മുൻകൂർ ജാമ്യാപേക്ഷ നൽകാനൊരുങ്ങി കോൺഗ്രസ് നേതാവ് സന്ദീപ് വാര്യർ. കേസിലെ നാലാം പ്രതിയായി സന്ദീപ് ശാസ്തമംഗലം അജിത് കുമാർ വഴി മുൻകൂർ ജാമ്യാപേക്ഷ സമർപ്പിക്കുമെന്നാണ് വിവരം.

രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയ്ക്കെതിരേ പരാതി നൽകിയ യുവതിക്കെതിരേ വ്യാപകമായ സൈബറാക്രമണം നേരിട്ടിരുന്നു. ഇതുമായി ബന്ധപ്പെട്ട് ശക്തമായ നടപടിയാണ് പോലീസ് സ്വീകരിച്ചുവരുന്നത്. യുവതിക്കെതിരേ സൈബറാക്രമണം നടത്തുന്ന പ്രൊഫൈലുകൾ സൈബർ പോലീസിന്റെ നിരീക്ഷണത്തിലാണ്.

കഴിഞ്ഞദിവസം അഞ്ചു പേർക്കെതിരേ കേസെടുത്തിരുന്നു. അതിൽ നാലാം പ്രതിയാണ് സന്ദീപ് വാര്യർ. കേസിൽ അഞ്ചാം പ്രതിയാണ് രാഹുൽ ഈശ്വർ. രാഹുൽ ഈശ്വറിനെ കഴിഞ്ഞ ദിവസം പോലീസ് കസ്റ്റഡിയിൽ എടുത്തിരുന്നു. യുവതിയെ തിരിച്ചറിയാൻകഴിയുന്നതരം പരാമർശം യുറ്റ്യൂബ് വീഡിയോയിലൂടെ നടത്തിയെന്ന പരാതിയുടെ അടിസ്ഥാനത്തിലാണ് രാഹുൽ ഈശ്വറിനെ പ്രതിയാക്കി കേസ് രജിസ്റ്റർചെയ്തത്. സന്ദീപ് വാരിയർ തന്റെ സാമൂഹികമാധ്യമ പേജിൽ ഉൾപ്പെടുത്തിയിരുന്ന പരാമർശം ചൂണ്ടിക്കാട്ടിയായിരുന്നു രാഹുലിന്റെ പോസ്റ്റ്.

എന്നാൽ, പരാതിക്കാരിയുടെ ഐഡന്റിറ്റി വെളിപ്പെടുന്ന തരത്തിൽ ഒരു പരാമർശവും തന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ലെന്ന സന്ദീപ് വാരിയർ ഫെയ്സ്ബുക്കിലൂടെ പിന്നീട് വിശദീകരിച്ചു. പരാതിക്കാരിയുടെ ഐഡന്റിറ്റി വെളിപ്പെടുത്തിയത് ഡിവൈഎഫ്ഐ ആണെന്നും ആരോപിച്ചു. അതിജീവിതയ്ക്കെതിരായ രഞ്ജിത പുളിക്കന്റെയും ദീപാ ജോസഫിന്റെയും ഫെയ്സ്ബുക്ക് കുറിപ്പുകളാണ് അവരെ പ്രതികളാക്കുന്നതിന് കാരണമായത്.

അതിജീവിതയെ തിരിച്ചറിയുന്നവിധത്തിൽ പരാമർശം നടത്തി, സ്ത്രീത്വത്തെ അപമാനിച്ചു എന്നീ കുറ്റങ്ങളും ഐടി നിയമത്തിലെ വകുപ്പുകളും ഉൾപ്പെടുത്തിയാണ് കേസ്.

മുന്നറിയിപ്പൊന്നും ഇല്ലാതെയായിരുന്നു കഴിഞ്ഞ ദിവസം രാഹുൽ ഈശ്വറിനെ വീട്ടിൽ എത്തി പോലീസ് കസ്റ്റഡയിൽ എടുത്തത്. സമാനമായ സാഹചര്യം മുന്നിൽ കണ്ടാണ് സന്ദീപ് വാര്യരും മുൻകൂർ ജാമ്യാപേക്ഷയുമായി മുമ്പോട്ട് പോകുന്നത്. കോടതിയിൽനിന്ന് പ്രതികൂല നടപടി ഉണ്ടായാൽ സന്ദീപ് വാര്യരേയും അറസ്റ്റ് ചെയ്തേക്കാം. ഇലക്ട്രോണിക് ഡിവൈസ് അടക്കമുള്ളവ പിടിച്ചെടുക്കാനും സാധ്യതയുണ്ട്.

## നേരിയ ആശ്വാസം; പാചക വാതക വില കുറച്ചു

കൊച്ചി: വാണിജ്യ ആവശ്യത്തിനുള്ള പാചകവാതക വില കുറച്ചു. സിലിണ്ടറിന് പത്ത് രൂപയാണ് കുറച്ചത്. ഇതോടെ 19 കിലോ സിലിണ്ടറിന് 1587 രൂപയായി. ഗാർഹിക സിലിണ്ടറിന്റെ വിലയിൽ മാറ്റമില്ല. വാണിജ്യ സിലിണ്ടർ വില കുറച്ചത് ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, തട്ടുകടകൾ എന്നിവർക്ക് നേരിയ ആശ്വാസമാകും.

പാചക വാതക വിലകൾ എല്ലാ മാസവും ഒന്നാം തീയതിയും 15-ാം തീയതിയുമാണ് പരിഷ്കരിക്കാറുള്ളത്. അന്താരാഷ്ട്ര എണ്ണവിലയിലെ മാറ്റങ്ങൾ, നികുതി മാനദണ്ഡങ്ങൾ, സപ്ലൈ ഡിമാൻഡ് ഘടകങ്ങൾ എന്നിവ കണക്കിലെടുത്താണ് എണ്ണ വിപണന കമ്പനികൾ എല്ലാ മാസവും വില പരിഷ്കരിക്കുന്നത്. കഴിഞ്ഞ മാസവും വാണിജ്യ ആവശ്യത്തിനുള്ള പാചക വാതക വില കുറച്ചിരുന്നു .സിലിണ്ടറിന് 4.5 രൂപ മുതൽ 6.5 രൂപ വരെയായിരുന്നു കുറച്ചത്. ഒക്ടോബറിൽ 15രൂപ കൂട്ടിയിരുന്നു.

## ആർഎസ്എസ് പ്രവർത്തകന്റെ വീട്ടിലെ വാഹനങ്ങൾ കത്തി നശിച്ചനിലയിൽ



തിരു: ചിറയിൻകീഴിൽ ആർഎസ്എസ് പ്രവർത്തകന്റെ വീട്ടിൽ പാർക്ക് ചെയ്തിരുന്ന വാഹനങ്ങൾ കത്തി നശിച്ച നിലയിൽ. ഓട്ടോ റിക്ഷയും മൂന്ന് ഇരുചക്രവാഹനങ്ങളും ആണ് കത്തിയത്. ചിറയിൻകീഴ് ആനത്തലവട്ടം സ്വദേശിയും ആർഎസ്എസ് പ്രവർത്തകനുമായ എസ്. ബാബുവിന്റെ വീട്ടിലെ വാഹനങ്ങളാണ് കത്തിനശിച്ചത്.

പുലർച്ചെ ഒരുമണിയോടെയായിരുന്നു സംഭവം. ആദ്യം ഓട്ടോറിക്ഷയ്ക്കാണ് തീപിടിച്ചത്. തീ കെടുത്തുന്നതിനിടയിൽ മറ്റു വാഹനങ്ങളിലേക്കും പടരുകയായിരുന്നു. ചിറയിൻകീഴ് പോലീസ് അന്വേഷണം ആരംഭിച്ചു.

കുറച്ച് ദിവസങ്ങൾക്കു മുൻപ് ചിറയിൻകീഴ് പണ്ടകശാലയിലെ ബിജെപി സ്ഥാനാർത്ഥിയുടെ ടിന്റുവിന്റെ വീടിന് പുറകുവശത്ത് തീയിടാൻ ശ്രമം നടന്നിരുന്നു. എസ്. ബാബുവിന്റെ സഹോദരിയുടെ മകളാണ് ടിന്റു. ബാബുവിന്റെ ഓട്ടോറിക്ഷയ്ക്കകത്തുണ്ടായിരുന്ന ടിന്റുവിന്റെ പോസ്റ്ററുകളും കത്തിനശിച്ചു.

ബാബു ആണ് ടിന്റുവിനു വേണ്ടി തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ നടത്തുന്നത്. സംഭവത്തിൽ പ്രതിഷേധിച്ച് ചിറയിൻകീഴ് പോലീസ് സ്റ്റേഷനിലേക്ക് ബിജെപി പ്രതിഷേധ മാർച്ച് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



# ഗുരുവായൂർ ഏകാദശി സപ്ലിമെന്റ്



## ഭൂലോകവൈകുണ്ഠമായ ഗുരുപവനപുരി അനന്തമായ വിശേഷങ്ങളുടെ പുണ്യഗേഹമാണ്

ചരിത്രപ്രസിദ്ധമായ ഗുരുവായൂർ ഏകാദശി ഇന്ന് ഭക്തർക്ക് ദർശനത്തിനും പ്രസാദ ഊട്ടിനുമുള്ള ഒരുക്കങ്ങൾ പൂർത്തിയായി. സുപ്രീം കോടതിയുടെ ഇടക്കാല ഉത്തരവ് അനുസരിച്ച് ദേവസ്വം വക ഉദയാസ്തമന പൂജയും ഇന്ന് നടക്കും.




നബ്രഹ്മാവിന്റെ ഇരിപ്പിടമായ താമര മഹാവിഷ്ണുവിന്റെ നാഭിയിൽ നിന്നും ഉയർന്നുവന്ന പുണ്യദിനമായ ഏകാദശിയുടെ ഉത്ഭവത്തെക്കുറിച്ച് പല ഐതിഹ്യങ്ങളും ഉണ്ട്. ഗീതോപദേശം നടന്ന പുണ്യദിനമാണ് ഏകാദശിയെന്നും പറയപ്പെടുന്നു.

മഹാകവി മേൽപ്പത്തൂർ ശ്രീ മന്നാരായണീയം ഗുരുവായൂർ ക്ഷേത്രനടയിൽ വെച്ച് പൂർത്തിയാക്കിയ സുകൃത സുദിന ദിനമായതുകൊണ്ടാണ് ഗുരുവായൂരിൽ വൃശ്ചികത്തിലെ ഏകാദശി ആഘോഷപൂർവ്വം കൊണ്ടാടുന്നതെന്നും ക്ഷേത്രോൽപ്പത്തിയിൽ വിവരിക്കുന്നുണ്ട്. അഹങ്കാരം ശമിച്ച ദേവേന്ദ്രൻ കൃഷ്ണ ഭഗവാന് ഗോവിന്ദപട്ടാഭിഷേകം നടത്തിയ പുണ്യദിനമായും ഗുരുവായൂർ ഏകാദശിക്ക് പ്രാധാന്യമുണ്ട്.

വ്രതം നോറ്റ് ഗുരുവായൂർ ഏകാദശി ദർശനത്തിനെത്തിയ വില്വമംഗലം സ്വാമിയാർ ദർശനത്തിനെത്തിയ ഭക്തരെയെല്ലാം വിഷ്ണുവിന്റെ രൂപത്തിൽ കണ്ടു. സാക്ഷാൽ ഭഗവാൻ ഈ ദിവസം ക്ഷേത്രത്തിൽ പ്രാർത്ഥനക്കെത്തുന്ന ഭക്തരിൽ അലിഞ്ഞു ചേരുന്നു എന്നതാണത്രെ ഇതിന്റെ അർത്ഥം.

ഏകാദശി തലേന്ന് ദശമിയെന്ന പുണ്യദിനത്തിലായിരുന്നു ഗജരാജനായ ഗുരുവായൂർ കേശവൻ ചെരിഞ്ഞത്. കേശവൻ ദശമി ദിനത്തിൽ ചെരിഞ്ഞ തുമൂലം ആത്മാവ് സ്വർഗ്ഗലോകം പൂകിയിരിക്കുമെന്നും വിശ്വാസികൾ പറയുന്നു. ഗുരുവായൂർ ഏകാദശി ദിവസം പ്രസിദ്ധനായ ആദിശങ്കരാചാര്യർ ദിവ്യശക്തിയാൽ ആകാശത്തിലൂടെ സഞ്ചരിക്കുകയായിരുന്നു. ആകാശമാർഗ്ഗം ഗുരുവായൂർ ക്ഷേത്രപരിസരത്തുകൂടെ യാത്ര ചെയ്യുമ്പോൾ ഭഗവാന്റെ എഴുന്നള്ളത്ത് നിറവിളക്കുകളുടെ പ്രഭയിൽ നടത്തുന്ന പുണ്യസമയമായിരുന്നു. ശങ്കരാചാര്യർ ഭഗവാനെ ഗൗനിച്ചില്ല. ഇതുമൂലം അദ്ദേഹത്തിന്റെ യോഗശക്തി നഷ്ടപ്പെടുകയും ആകാശത്തുനിന്നും താഴെ വീഴുകയും ചെയ്തു. അന്നുതന്നെ ശങ്കരാചാര്യർ ചെയ്തതെറ്റിന് പ്രായശ്ചിത്തമായി ക്ഷേത്രത്തിൽ ശയനപ്രദക്ഷിണം നടത്തി. അന്നുമുതൽ ക്ഷേത്രത്തിൽ ശയനപ്രദക്ഷിണം വഴിപാടായി നടത്തിത്തുടങ്ങി. ഗുരുവായൂർ ക്ഷേത്രത്തിലെ പൂജാവിധികൾ ഇന്ന് നടത്തുന്ന രീതിയിൽ ക്രമീകരിച്ചത് ശങ്കരാചാര്യരുടെ നിർദ്ദേശപ്രകാരമാണെന്ന് കരുതുന്നു.

ഏകാദശി നോൽക്കുന്നവർ ദശമി, ഏകാദശി, ദ്വാദശി എന്നീ പുണ്യദിനങ്ങളിൽ വ്രതമെടുക്കണം. ഏകാദശിനാളിൽ ആഹാരം കഴിക്കരുത്. ദശമി, ദ്വാദശി നാളുകളിൽ ഒരു നേരം, അതായത് പകൽ മാത്രം ആഹാരം ആകാം. ഇതിനെ ദശമി ഒരിക്കൽ എന്നും പറയുന്നു. ഉപവാസം അനുഷ്ഠിക്കുന്ന ഏകാദശിദിവസം പകലുറക്കം പാടില്ല. തുളസി തീർത്ഥം നല്ലതാണ്. ഭാഗവതപാരായണം നടത്തണം. സദാസമയം നാമസങ്കീർത്തനങ്ങൾ ഉരുവിട്ടുകൊണ്ടിരിക്കും. ഓം നമോ നാരായണ എന്ന് ജപിക്കണം. ഉപവാസസമയത്ത് നെല്ലരി ഭക്ഷണം തീർത്തും കഴിക്കരുത്. പാപകർമ്മങ്ങളിൽ നിന്നുള്ള മോചനമാണ് ഏകാദശി വ്രതം കൊണ്ട് സാധിക്കുന്നത്. വ്രതം നോൽക്കുന്നതിലൂടെ പുണ്യം കിട്ടുന്നു. നാം അറിഞ്ഞോ അറിയാതെയോ ചെയ്തിരിക്കാവുന്ന തെറ്റുകൾക്ക് പുണ്യം കിട്ടുമ്പോൾ പരിഹാരമാകുന്നു. അതുകൊണ്ടു തന്നെ ഏകാദശിവ്രതം ഒരു പ്രായശ്ചിത്തകർമ്മമാണ്. ഏകാദശി നോൽക്കുന്നവർ സൂര്യോദയത്തിനുമുമ്പ് ശരീരശുദ്ധി വരുത്തണം. ക്ഷേത്രദർശനം നിർബന്ധമാണ്. രാവിലെയും വൈകീട്ടും കുളിവേണം.

ഏകാദശി വ്രതം ആരോഗ്യത്തിനും ഉത്തമമാണ്. ആയുർവ്വേദ ശാസ്ത്രപ്രകാരം വയർ ഇടയ്ക്ക് ഒഴിച്ചിടുന്നതു മൂലം രോഗപ്രതിരോധശേഷി ലഭിക്കും. ഇതുകൊണ്ട് പലരോഗങ്ങളെയും തടയാൻ സാധിക്കും. അതുപോലെ പട്ടിണിയുടെ ദുഃഖം അറിയുന്നതിന് വ്രതം അല്ലെങ്കിൽ ഉപവാസം നല്ലതാണ്. ഉപവസിക്കുന്നവർ വിശക്കുന്നവന്റെ ദയനീയ സ്ഥിതി അനുഭവിച്ചറിയുന്നു. ഇത് മനുഷ്യനിൽ ദാനശീലം വളർത്തുവാൻ സഹായിക്കും. ഭഗവാന്റെ നാമം ഉരുവിട്ട്, വിഷ്ണുരൂപം മനസ്സിൽ സങ്കൽപ്പിച്ച് ഏകാദശിദിവസം ഒരു നിമിഷമെങ്കിലും ഇരുന്നാൽ മതി, അത് ഏറെ പുണ്യകർമ്മത്രെ. എല്ലാ മലയാളമാസത്തിലും രണ്ടുതവണ ഏകാദശി വരുന്നുണ്ട്. മാസത്തിന്റെ രണ്ടുതവണ പുണ്യപ്രവൃത്തികൾ ചെയ്യുന്നതിന് അവസരമുണ്ടാക്കി തന്നെ ഈശ്വരചിന്തക്ക് പ്രേരിപ്പിക്കുന്ന പൂർവ്വികരുടെ ദീർഘദർശിത്വത്തെ നാം നന്ദിപൂർവ്വം സ്മരിക്കുകതന്നെവേണം.



ഗുരുവായൂർ ഏകാദശി ആശംസകൾ




## കോടതി പരസ്യം

### ബഹുമാനപ്പെട്ട തൃശ്ശൂർ കുടുംബ കോടതി മുമ്പാകെ

**OP: 765/2024**

ഡെയ്നി ഡേവീസ്, 30 വയസ്സ്, D/o ഡേവീസ്, ഓൺ ഹൗസ്, അരണാട്ടുകര പി. ഒ, തൃശ്ശൂർ താലൂക്ക്, തൃശ്ശൂർ ജില്ല, പിൻ – 680 618

–ഹർജിക്കാരി

അനൂപ്, 35 വയസ്സ്, S/o. കൊച്ചുലാസർ, കുറ്റിക്കാട് ഹൗസ്, തണ്ടിലം, വെള്ളാറ്റഞ്ഞൂർ പി ഒ, വെള്ളാറ്റഞ്ഞൂർ ദേശം, വെള്ളാറ്റഞ്ഞൂർ വില്ലേജ്, കുന്നംകുളം താലൂക്ക്, തൃശ്ശൂർ ജില്ല പിൻ– 680601

–എതൃകക്ഷി

പത്രപരസ്യം

മേൽ നമ്പറിൽ എതൃകക്ഷിയിൽ നിന്നും വിവാഹമോചനം ലഭിക്കുന്നതിന് വേണ്ടിയാണ് മേൽ നമ്പർ ഹർജി ബോധിപ്പിച്ചിട്ടുള്ളത്. മേൽ നമ്പർ ഹർജിയിൽ എതൃകക്ഷിക്കുള്ള കോടതി കല്പന അയപ്പാൻ മേൽ നമ്പർ കേസ് **08–12–2025** തിയ്യതിയിലേക്ക് വെച്ചിരിക്കുന്നു. അന്നേ ദിവസം പകൽ 11 മണിക്ക് ബഹു. കോടതി മുമ്പാകെ നിങ്ങളോ നിങ്ങളുടെ ഭാഗം അഡ്വക്കെറ്റോ ഹാജരാകാത്തപക്ഷം മേൽ നമ്പർ കേസ് നിങ്ങളെ കൂടാതെ തീർപ്പാക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ച് കൊള്ളുന്നു.

എന്ന്, 2025 നവംബർ മാസം 29 ന്
ഹർജി ഭാഗം അഡ്വക്കെറ്റ്:
**എ. ഹരിദാസൻ** (ഒപ്പ്)

കടുപ്പത്തിലൊരു ചായ...




## കോടതി പരസ്യം

### ബഹു. ഇരിങ്ങാലക്കുട പ്രിൻസിപ്പൽ മുൻസിഫ് കോടതി മുമ്പാകെ

**OS: 5351/2014**
**E.P. 2187/2017**

ഇംഗ്ലീഷ് ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് ഇരിങ്ങാലക്കുട Rep.by ചെയർമാൻ, ഇരിങ്ങാലക്കുട

–വിധി ഉടമസ്ഥൻ

1) മുകുന്ദപുരം താലൂക്ക് കല്ലേറ്റുംകര വില്ലേജ് കല്ലേറ്റുംകര ദേശത്ത് മരാശാരി ആനന്ദൻ മകൻ ശിവശങ്കർ
2) ടി താലൂക്ക് ടി വില്ലേജിൽ ടി ദേശത്ത് മരാശാരി ആനന്ദൻ മകൾ ശ്രീലക്ഷ്മി
3) ടി താലൂക്ക് ടി വില്ലേജിൽ ടി ദേശത്ത് മരാശാരി ആനന്ദൻ മകൻ ശ്രീരാഗ്
4) ടി താലൂക്ക് ടി വില്ലേജിൽ ടി ദേശത്ത് മരാശാരി ആനന്ദൻ മകൻ ശ്രീശാന്ത്

–4, 5, 6, 7എതൃകക്ഷികൾ

മേൽ പറഞ്ഞ എതൃകക്ഷികൾക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ച് നടത്തുന്നതിന് ഉത്തരവായി **06–12–2025** തിയ്യതിക്ക് വെച്ചിരിക്കുന്നു. അന്നേ ദിവസം രാവിലെ 11 മണിക്ക് നിങ്ങളൊ അഡ്വക്കെറ്റോ കോടതിമുമ്പാകെ ഹാജരായി തർക്കം വല്ലതും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ എക്സ് പാർട്ടിയാക്കി ഉത്തരവുണ്ടാകുവാൻ ഇടയുണ്ടെന്നുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന് 28–11– 2025
ഉത്തരവിൻ പ്രകാരം
വിധി ഉടമസ്ഥൻഭാഗം
അഡ്വക്കെറ്റ്
**നളൻ ടി എൻ** (ഒപ്പ്)

ഗുരുവായൂർ ഏകാദശി ആശംസകൾ

M.K. Kesavan
Mob: 9447877932,
8157024702
Phone : 0487 - 2554080

Jayasree Lodge

East Nada, GURUVAYOOR,
PIN - 680 101

ഗുരുവായൂർ ഏകാദശി ആശംസകൾ

hotel bharath

Chembottil Lane TRICHUR - 680 001
Phone: 0487-2421720

ഗുരുവായൂർ ഏകാദശി ആശംസകൾ

